# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1211 31.10.2019 ൽ മറുപടിക്ക്**

## കല്ല്യശ്ശേരി മണ്ഡലത്തിലെ തീരദേശ ഹൈവേ

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കണ്ണൂർ ജില്ലയിലെ കല്ല്യശ്ശേരി മണ്ഡലത്തിൽ, തീരദേശ ഹൈവേ പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശഹൈവെ മാട്ടൂൽ സൗത്ത് മുതൽ ഓലക്കീൽ പാലം വരെ 10.775 കി.മീ ആണ്. ഇതിൽ റോഡിൻെറയും രണ്ട് പാലങ്ങളുടെയും (നീരൊഴുക്കും ചാൽ- ഓലക്കീൽ കടവ്) ഇൻവെസ്റ്റിഗേഷൻ പൂർത്തി യായി. ഈ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൻെറ ഡിസൈൻ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാട്ടൂൽ സൗത്ത് മുതൽ ഓലക്കീൽ വരെയുള്ള തീരദേശഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തി യായെങ്കിലും നിർദ്ദിഷ്ട തീരദേശ പാതയുടെ വീതി 14 മീറ്റർ ആക്കി ഉയർത്തി യതിനാൽ കിഫ്ബി യുടെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ ചെയ്ത് സെന്റർ ലൈൻ മാർക്ക് ചെയ്തതിനുശേഷം ഡി.പി. ആർ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**